>> ലേഖനം

● ടി.കെ യൂസുഫ്

# ബാങ്ക് പലിശ അനുവദനീയമോ?

**പലിശയുടെ** ആരംഭം തൊട്ടുതന്നെ അത് അനുവദനീയമാണോ എന്ന ചോദ്യവും മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ട്. മതതത്ത്വങ്ങൾ ഇതിനെ നിഷിദ്ധമായി കാണുന്നതു പോലെ, ശുദ്ധമനസ്ഥിതിക്കാരിലും ഇത് ചൂഷണമല്ലേ എന്ന ചോദ്യം ഉയരുന്നുണ്ട്. എന്നാൽ പലിശയിൽ അധിഷ്ഠിതമായ സമ്പദ്ഘടനയുടെ മേധാവിത്വം കാരണം പലിശ അനുവദനീയമാക്കാനുള്ള ഒരു പ്രവണത ഇപ്പോൾ വർധിച്ചുവരുന്നതായി കാണുന്നു. പലിശയുടെ സാമൂഹിക ദൂഷ്യഫലങ്ങൾ അറിയുന്ന സാമ്പത്തിക വിദഗ്ധർ പോലും, അതിനെ എതിർക്കാൻ മുന്നോട്ട് വരുന്നില്ല.

പലിശയെക്കുറിച്ച് ഇതുവരെ നടത്തിയ ചർച്ചകളൊന്നും ലക്ഷ്യത്തിലെത്തിയിട്ടില്ല. കാരണം അവയെല്ലാം തന്നെ ഒന്നുകിൽ ഈ നീരാളിയുടെ പിടിയിലകപ്പെടുന്ന അധമർണന്റെയോ അല്ലെങ്കിൽ മൂലധനത്തിന്റെ ഉടമയായ ഉത്തമർണന്റെയോ ഭാഗം ചേർന്ന ഒരു നിലപാടാണ് എടുക്കാറുള്ളത്. പലിശയെക്കുറിച്ച് നടക്കുന്ന ചർച്ചകളും സെമിനാറുകളും പലിശയുടെ രൂപത്തെക്കുറിച്ചു മാത്രം പ്രതിപാദിക്കുകയും, ഇസ്‌ലാം എന്തിന് പലിശ നിഷിദ്ധമാക്കി, ഇപ്പോൾ അതിനെ അനുവദനീയമാക്കുന്ന വല്ല കാരണവും ഉണ്ടോ എന്നീ ചോദ്യങ്ങൾ അവഗണിക്കുകയുമാണ് ചെയ്യാറുള്ളത്.

പലിശയെ അനുവദനീയമായി കാണുന്നവർ അതിന് ചില നേട്ടങ്ങളും എടുത്തു പറയാറുണ്ട്. എന്നാൽ മദ്യത്തിനും ചൂതാട്ടത്തിനുമെല്ലാം ഇത്തരം ചില ഭൗതിക നേട്ടങ്ങൾ കാണാനാവും. ഗുണങ്ങളില്ലാത്തതുകൊണ്ടല്ല, അതിനേക്കാൾ വലിയ തിന്മയും നാശവും ഉള്ളതുകൊണ്ടാണ് ഇസ്‌ലാം മേൽപറഞ്ഞതിനെയൊക്കെ നിഷിദ്ധമാക്കിയിട്ടുള്ളത്. അതിനാൽ സാമ്പത്തിക മേഖലയെ താളംതെറ്റിക്കുന്ന പലിശയെയും തീർത്തും വർജ്യമായിതന്നെ കാണണം.

ഇന്ന് സാമ്പത്തിക രംഗത്ത് പലിശ ഒരു അവിഭാജ്യഘടകമായതുകൊണ്ട് ആധുനിക വ്യവഹാരങ്ങളിൽ ഏർപ്പെടുന്നവന് അതിൽനിന്ന് മോചിതനാവാൻ സാധ്യമല്ല എന്ന് പറയുന്നവരുടെ ന്യായം, മൂലധനം ഉൽപാദനരംഗത്ത് നിക്ഷേപിച്ചതിന്റെ ലാഭവിഹിതമാണ് പലിശ എന്നാണ്. മൂലധനത്തിന്റെ വളർച്ച ഇസ്‌ലാം അംഗീകരിക്കുന്നുണ്ട്. അതുകൊണ്ടാണ് സകാത്തിന്റെ ധനം വളർച്ചയുള്ളതാവണം എന്ന നിബന്ധന വെച്ചത്. ഉൽപാദനരംഗത്ത് മുതൽമുടക്കിയവൻ ലാഭ വിഹിതമെടുക്കുന്നതിനെയും ഇസ്‌ലാം എതിർക്കുന്നില്ല. എന്നാൽ ഉൽപാദനത്തിനുവേണ്ടി വായ്പ അനുവദിക്കുന്ന ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും കടം കൊടുക്കുന്ന ധനത്തിന് സാങ്കൽപിക വളർച്ച കണക്കാക്കി പലിശ നിർബന്ധമാക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാമാകട്ടെ സമ്പത്തിന്റെ വളർച്ച സാക്ഷാത്കരിക്കപ്പെടുന്നതിനുള്ള സാധ്യത കുറയുന്നത് നിമിത്തം ലാഭവിഹിതം മുൻകൂട്ടി നിശ്ചയിക്കുന്നത് അനുവദിക്കുന്നില്ല. ഉദാഹരണമായി, ഭാര്യ ഭർത്താവുമായി ശാരീരികവേഴ്ചയിൽ ഏർപ്പെട്ടാൽ കുഞ്ഞിന് ജന്മം നൽകൽ നിർബന്ധം എന്ന നിലയിലാണ് ബാങ്കുകൾ വായ്പയെ കാണുന്നത്. കുഞ്ഞുങ്ങളുണ്ടാകാതിരിക്കാൻ ധാരാളം സാധ്യതകളുള്ളതു പോലെ ഒന്നിലധികം കുഞ്ഞുങ്ങളുണ്ടാകാനും ഇടയുണ്ട് എന്ന വീക്ഷണമാണ് ഇസ്‌ലാമിന്റേത്. മുൻകൂട്ടി ലാഭവിഹിതം ആവശ്യപ്പെടുന്നത് യുക്തിസഹമല്ലാത്തതുകൊണ്ട് ഉൽപാദനത്തിന്റെ തോത് അറിഞ്ഞതിനു ശേഷമേ ലാഭവിഹിതം ആവശ്യപ്പെടാൻ പാടുള്ളൂ. ഇസ്‌ലാം പലിശ അനുവദിക്കുന്നില്ല എന്നതുകൊണ്ട് മൂലധനത്തിന്റെ സാങ്കൽപിക വളർച്ച അംഗീകരിക്കുന്നില്ല എന്നർഥമില്ല. മറിച്ച് ലാഭവിഹിതത്തിന്റെ ഓഹരി മുൻകൂട്ടി നിശ്ചയിക്കുന്നതാണ് ഇസ്‌ലാം എതിർക്കുന്നത്. അനുമാനത്തെ മാത്രം അവലംബിച്ച് വളർച്ചയുടെ തോത് കൃത്യമായി തിട്ടപ്പെടുത്താൻ സാധിക്കില്ലല്ലോ.

പലിശയുടെ ദൂഷ്യഫലങ്ങൾ പൊതുവെ ഇങ്ങനെ സംഗ്രഹിക്കാറുണ്ട്:

1. പലിശ അധ്വാനമില്ലാത്ത ധനസമ്പാദന മാർഗമാണ്.

2. സമൂഹത്തിലെ പല നല്ലഗുണങ്ങളെയും ഇത് നശിപ്പിക്കുകയും പരോപകാര മനസ്സ് ഇല്ലാതാക്കുകയും ചെയ്യുന്നു.

3. കച്ചവടം, കൃഷി, തൊഴിൽ, വ്യവസായം എന്നീ അടിസ്ഥാന സമ്പാദന വൃത്തികളിൽനിന്ന് ജനങ്ങളെ തെറ്റിച്ച് നിഷ്ക്രിയരാക്കും.

4. ഉത്തമർണൻ കൂടുതൽ സമ്പന്നനാവുകയും അധമർണൻ പാപ്പരാകുകയും ചെയ്യും. പലിശ എപ്പോഴും പാവപ്പെട്ടവനെ വേട്ടയാടുന്നു.

5. പലിശ തിന്നുന്നവനെ ജനം അവജ്ഞയോടെ കാണുന്നു. എല്ലാ മതങ്ങളിലും സമുദായങ്ങളിലും ഇത് അനഭിലഷണീയമാണ്.

6. കടം വാങ്ങുന്നവന്റെ വ്യക്തിത്വത്തെയും സ്വാതന്ത്ര്യത്തേയും പലിശ ഹനിക്കുന്നു.

7. അധമ മാർഗത്തിലൂടെയുള്ള ധനസമ്പാദനം ആയതുകൊണ്ട് പലിശ വാങ്ങുന്നവന് മനഃപീഡയും ഏൽക്കേണ്ടിവരും.

8. പലിശ മനുഷ്യനെ കൂടുതൽ പിശുക്കനും പണക്കൊതിയനും സ്വാർഥനും അവസരവാദിയും ആക്കുന്നു.

9. പാവപ്പെട്ടവനും പണക്കാരനും തമ്മിൽ സംഘർഷത്തിന് വഴിവെക്കുന്നു.

10. രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തുകയും ക്രിയാത്മകമായ വിദേശനയം നടപ്പിലാ

> പലിശയെക്കുറിച്ച് നടക്കുന്ന ചർച്ചകളും സെമിനാറുകളും പലിശയുടെ രൂപത്തെക്കുറിച്ചു മാത്രം പ്രതിപാദിക്കുകയും, ഇസ്‌ലാം എന്തിന് പലിശ നിഷിദ്ധമാക്കി, ഇപ്പോൾ അതിനെ അനുവദനീയമാക്കുന്ന വല്ല കാരണവും ഉണ്ടോ എന്നീ ചോദ്യങ്ങൾ അവഗണിക്കുകയുമാണ് ചെയ്യാറുള്ളത്.

ക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യും. പല സാമ്രാജ്യങ്ങളും തകർന്നതിൽ പലിശക്ക് ഗണ്യമായ പങ്കുണ്ട്.

മേൽ പറഞ്ഞ കാരണങ്ങളാലാണ് ഇസ്‌ലാം പലിശ നിരോധിച്ചത് എന്നാണ് പറയാറുള്ളത്. അതുകൊണ്ടു തന്നെയാണ് ചില ബുദ്ധിജീവികൾ പ്രത്യക്ഷത്തിൽ ചൂഷണമായി തോന്നാത്ത ബാങ്ക് പലിശ അനുവദനീയമായി കാണുന്നതും. ബാങ്ക് പലിശ സാമ്പത്തിക രംഗത്തുണ്ടാക്കുന്ന ദൂരവ്യാപക പ്രത്യാഘാതങ്ങളും പ്രത്യക്ഷത്തിൽ കാണാത്ത ചൂഷണങ്ങളും അവർ കണ്ടില്ലെന്ന് നടിക്കുന്നു.

ഇന്ന് പലിശ ഇടപാട് നടത്തുന്നത് കേവലം വ്യക്തികൾ മാത്രമല്ല, ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളുമാണ്. അത്തരം സ്ഥാപനങ്ങൾ തന്നെ ദാരിദ്ര്യ നിർമാർജന, ജീവകാരുണ്യ രംഗങ്ങളിലും പ്രവർത്തിക്കുന്നുണ്ടല്ലോ എന്നാണ് പലിശ നിയമവിധേയമാക്കാൻ തത്രപ്പെടുന്നവർ വാദിക്കാറുള്ളത്. എന്നാൽ പലിശയിനത്തിൽ ലഭിക്കുന്ന വരുമാനത്തിന്റെ വളരെ ചെറിയ ഒരംശം മാത്രമേ അത്തരം സ്ഥാപനങ്ങൾ സാമൂഹികസേവനത്തിന് ചെലവിടുന്നുള്ളൂ. പലിശയിനത്തിൽ കിട്ടുന്ന പണം നല്ലകാര്യത്തിന് വിനിയോഗിക്കുന്നുണ്ട് എന്നതുകൊണ്ട് മതദൃഷ്ടിയിൽ അത് അനുവദനീയമാവുകയില്ല. അങ്ങനെയെങ്കിൽ വേശ്യാലയത്തിൽനിന്ന് ലഭിക്കുന്ന വരുമാനം ജീവകാരുണ്യപ്രവർത്തനത്തിന് നീക്കിവെച്ച് അത് അനുവദനീയമാക്കാനാകുമല്ലോ. സർക്കാറുകൾക്ക് വരുമാന മാർഗമായി മദ്യം, വ്യഭിചാരം, ലോട്ടറി എന്നിവയെ കാണാനാവുമെങ്കിലും ഇസ്‌ലാമിക ശരീഅത്ത് അവയെ പാടെ നിരോധിക്കുകയാണ് ചെയ്യുന്നത്.

പലിശയിടപാടിൽ ഏർപ്പെടുന്ന ഒരു കക്ഷിക്ക് എപ്പോഴും ദോഷം വരാൻ ഇടയുണ്ടെന്നാണ് ഖുർആനിൽനിന്ന് ഗ്രഹിക്കാൻ കഴിയുന്നത്. 'നിങ്ങൾ പശ്ചാതപിച്ചാൽ നിങ്ങൾക്ക് മൂലധനമുണ്ട്. നിങ്ങൾ അക്രമം ചെയ്യരുത്, അക്രമിക്കപ്പെടുകയുമരുത്' (2:279). വായ്പ വാങ്ങിയവന് വൻ ലാഭം ലഭിക്കുകയാണെങ്കിൽ മുൻകൂട്ടി ലാഭവിഹിതം നിശ്ചയിക്കുന്നത് നിമിത്തം ഉത്തമർണന് ശരിയായ പങ്ക് ലഭിക്കാതെവരും. അത് അവനോടുള്ള അക്രമമാണല്ലോ.

പലിശ ഇരുതല മൂർച്ചയുള്ള ആയുധമായതുകൊണ്ട് കടം വാങ്ങിയവനെപ്പോലെ കടം കൊടുത്തവനെയും അത് അപായകരമായി ബാധിക്കും. പലിശ തിന്നുന്നവനെയും തീറ്റുന്നവനെയും എഴുതുന്നവനെയും സാക്ഷി നിൽക്കുന്നവനെയുമെല്ലാം പ്രവാചകൻ ശപിച്ചത് ഇതുകൊണ്ടാണ്. കാരണം അവർക്കെല്ലാം ഈ സാമൂഹികവിപത്തിൽ ഒരുപോലെ പങ്കാളിത്തമുണ്ട്. പലിശ വാങ്ങാനും തിന്നാനും ആളുകൾ ഉള്ളതുകൊണ്ടാണ് അത് കൊടുക്കാനും തീറ്റിക്കാനും ആളുകൾ മുന്നോട്ടു വരുന്നത്. നാൾക്കുനാൾ നാണയപ്പെരുപ്പം സംഭവിക്കുന്നതുകൊണ്ട്, മുമ്പ് കടമായി നൽകിയ തുകയുടെ മൂല്യം തിരിച്ചുനൽകുമ്പോൾ കുറയുന്നുണ്ട് എന്നാണ് പലിശക്ക് ന്യായം ചമക്കുന്നവരുടെ മറ്റൊരു വാദമുഖം. അങ്ങനെയാണെങ്കിൽ നാണയപ്പെരുപ്പത്തിന്റെ തോത് കണക്കാക്കിയാണല്ലോ പലിശ നിശ്ചയിക്കേണ്ടത്. തന്നെയുമല്ല, സാമ്പത്തിക രംഗത്തെ താളപ്പിഴ നിമിത്തം പണത്തിന്റെ മൂല്യം കൂടുകയാണെങ്കിൽ ഈ വാദക്കാർക്ക് കുന്തം ചെരിച്ച് അളക്കേണ്ട ഗതിയും വരും.

ബാങ്കുകൾ ഉൽപാദനക്ഷമമായ സംരംഭങ്ങൾക്ക് നൽകിയ വായ്പയുടെ ലാഭവിഹിതമാണ് പലിശയായി ഈടാക്കുന്നത് എന്നാണ് പലിശയെ ഹലാലാക്കുന്നവരുടെ മറ്റൊരു ന്യായം. സത്യത്തിൽ ഇത്തരം ധനകാര്യസ്ഥാപനങ്ങൾ കച്ചവടം, കൃഷി, കാലിവളർത്തൽ തുടങ്ങി ഉൽപാദനക്ഷമമായ സംരംഭങ്ങൾക്ക് വായ്പ നൽകുന്നതു പോലെ വാഹനം, ഭവനനിർമാണം, ചികിത്സ തുടങ്ങിയ ഉപയോഗങ്ങൾക്കും കടം കൊടുക്കുകയും അതിൽ നിന്ന് പലിശ ഈടാക്കുകയും ചെയ്യുന്നുണ്ട്. വ്യയം ചെയ്യപ്പെടുന്ന വായ്പകളിൽ പലിശ ഈടാക്കുന്നത് അക്രമമാണെന്ന് ഏവരും സമ്മതിക്കും. എന്നാൽ ഉൽപാദനക്ഷമമായ പദ്ധതികൾക്കു വേണ്ടി വായ്പ എടുക്കുന്നവന്റെ മനസ്സിൽ എപ്പോഴും തീയായിരിക്കും. കാരണം കൃഷി, കച്ചവടം, കാലിവളർത്തൽ എന്നീ പദ്ധതികളും അങ്ങേയറ്റം പ്രതിസന്ധികൾ നിറഞ്ഞതാണ്. ലാഭത്തിന് സാധ്യതയുള്ളതിലേറെ നഷ്ടം വരാനും ഇടയുണ്ട്. ഭാഗ്യം തുണച്ചില്ലെങ്കിൽ വായ്പ വാങ്ങിയവന് മൂന്ന് നഷ്ടങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ട്.

1. സംരംഭത്തിന് വേണ്ടി ചെലവഴിച്ച പ്രയത്നം.

2. വായ്പയായി വാങ്ങിയ മൂലധനം.

3. മുൻകൂട്ടി നിശ്ചയിച്ച പലിശയുടെ അടവ്.

പലിശ നിശ്ചയിച്ച് വായ്പ നൽകിയവന് തന്റെ മൂലധനവും ലാഭവും ലഭിക്കുമെങ്കിലും കടം വാങ്ങിയവന് മേൽ പറഞ്ഞ ചെലവുകളുടെ ഭാണ്ഡം പേറേണ്ടിവരും. കാലവർഷക്കെടുതി മൂലം കണ്ണീർപാടം കൊയ്യുന്നവരുടെ തേങ്ങലും കാർഷിക വിലയിടിവ് കഴുത്തിൽ കുരുക്കിട്ട ജീവിതങ്ങളും വിദ്യാഭ്യാസ വായ്പകളുടെ ഊരാകുടുക്കിൽ പെട്ട ബിരുദധാരികളും ബാങ്ക് വായ്പകളുടെ തനിനിറം വ്യക്തമാക്കിത്തരുന്നുണ്ട്. ഖുർആൻ വിശേഷിപ്പിച്ച പോലെ ഇതിനെ അക്രമം എന്നല്ലാതെ മറ്റെന്താണ് പറയുക. നബി(സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ പലിശ നിരോധിച്ചുകൊണ്ട് അവതരിച്ച ഖുർആൻ വചനം പാരായണം ചെയ്യുകയും പലിശയുടെ എല്ലാ ഇനങ്ങളും തന്റെ കാൽകീഴിലാക്കി എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പലിശയിൽ അനുവദനീയമായ ഒരിനം ഇല്ലെന്നാണ് ഇതിൽനിന്നൊക്കെ മനസ്സിലാക്കാൻ കഴിയുക. കുറഞ്ഞ പലിശ, അമിത പലിശ എന്നീ തരംതിരിവുകളും ഇസ്‌ലാമിലില്ല, പലിശ ഇടപാട് നടത്തുന്നവർ സമ്പന്നനോ ദരിദ്രനോ വ്യക്തിയോ സംഘടനയോ എന്നീ വ്യത്യാസമൊന്നും ഇല്ലാത്തതു പോലെ. മൂലധനത്തിൽ കൂടുതലായി വാങ്ങുന്നതിന് പലിശ എന്നല്ലാതെ മറ്റെന്ത് ഓമനപ്പേര് വിളിച്ചാലും അത് അനുവദനീയമാവുകയില്ല. മതപരമായ വിലക്കുകളിൽ നിരോധിക്കപ്പെട്ട വസ്തുവിന്റെ ഉപദ്രവം മാത്രമല്ല കണക്കിലെടുക്കുന്നത്. മദ്യം അൽപം കഴിക്കുന്നതും അധികം കഴിക്കുന്നതും ആയുഷ്കാലം മുഴുവൻ കഴിക്കുന്നതും നിഷിദ്ധമായതു പോലെ പലിശ ഇടപാടിലും അൽപം, അധികം, അന്യായം എന്നീ വേർതിരിവുകളൊന്നും ഇസ്‌ലാമിക പ്രമാണങ്ങളിൽ കാണുക സാധ്യമല്ല. ■